**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — ആലപ്പുഴ ജില്ല — മാന്നാർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അശോക് കുമാർ സി.യ്ക്കെതിരായ അച്ചടക്ക നടപടി — 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3007/2018/തസ്വഭവ　　　　　　തീയതി, തിരുവനന്തപുരം, 27.11.2018

===========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.02.2016-ലെ ഇ 4(ക്യുവി 24/15/എ.എൽ.പി) 24359/2015 നമ്പർ കത്ത്

2. സർക്കാരിന്റെ 09.02.2017-ലെ 66/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം

3. ശ്രീ. അശോക് കുമാർ സമർപ്പിച്ച 17.04.2017 തീയതിയിലെ പ്രതിവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 06.07.2018-ലെ ഡി8-9415/17 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. അശോക് കുമാറും, മാന്നാർ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡ് മെമ്പർ ശ്രീ കെ.ജി. സുനിൽകുമാറും, ഹരികൃഷ്ണൻ എന്ന വ്യക്തിയുമായി ചേർന്ന് ഗൂഢാലോചന നടത്തി നടക്കാത്ത വിവാഹത്തിന്റെ പേരിൽ തയ്യാറാക്കിയ വ്യാജവിവാഹ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്ക് വിരുദ്ധമായി നടപടിക്രമങ്ങൾ പാലിക്കാതെ വ്യാജമായി വധുവിന്റെയും വരന്റെയും ഒപ്പിട്ട് അനധികൃതമായി വിവാഹം രജിസ്റ്റർചെയ്ത് അധികാര ദുർവ്വിനിയോഗം നടത്തി എന്നാരോപിച്ച് കൊല്ലം വെള്ളിമൺ വിനായക ഭവനിൽ ശ്രീ. ഗണേഷ് ബാബു 21.04.2015-ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

07.10.2014-ൽ ക്ഷേത്രത്തിൽ ഉണ്ടായിരുന്ന വരന്റെ ബന്ധുക്കളല്ലാതെ വിവാഹ സർട്ടിഫിക്കറ്റ് നൽകിയ ക്ഷേത്ര പ്രസിഡന്റ് ശ്രീ. സുനിൽകുമാർ വിവാഹം നേരിൽ കണ്ടിട്ടില്ല എന്ന് പറയുന്നതിനാലും ക്ഷേത്രവുമായി ബന്ധപ്പെട്ട കഴകക്കാരൻ ശ്രീ. കൃഷ്ണ ശർമ്മ, ഭരണ സമിതി അംഗം ശ്രീ. ഗോപാലൻ എന്നിവരാരും അന്നേ ദിവസം ക്ഷേത്രത്തിൽ ഉണ്ടായിട്ടും താലി ചാർത്തുന്നതുൾപ്പെടെയുള്ള യാതൊരു വിവാഹ ചടങ്ങും കണ്ടിട്ടില്ലെന്ന് അവരുടെ മൊഴികളിൽ നിന്നും വ്യക്തമാകുന്നതിനാലും വിവാഹത്തിന് കാർമ്മികത്വം വഹിച്ച ഒരാൾ ഇല്ല എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം തെളിയുന്നതും ഹൈന്ദവാചാര പ്രകാരം വിവാഹം നടന്നു എന്നത് കളവാണെന്നും തെളിയുന്നതാണെന്നും വധൂവരൻമാർ 14/10/2014 തീയതി പഞ്ചായത്തിലെത്തി വിവാഹ പൊതു രജിസ്റ്ററിൽ (ഫാറം III ) ഒപ്പുവച്ചു എന്നത് വാസ്തവ വിരുദ്ധമാണെന്നും നടപടിക്രമങ്ങൾ പാലിക്കാതെയാണ് വിവാഹം രജിസ്റ്റർ ചെയ്തതെന്നും ഇതു സംബന്ധിച്ച് വധു ശ്രീക്കുട്ടി നൽകിയ പരാതി ശരിയായി അന്വേഷിക്കാതെ

പക്ഷംചേർന്ന് എതിർകക്ഷികളെ മാത്രം കണ്ട് ചോദിച്ച് ഏകപക്ഷീയ റിപ്പോർട്ട് മേലധികാരത്തിലേയ്ക്ക് നൽകി പരാതിക്കാരിക്ക് ന്യായമായി ലഭിക്കേണ്ട നീതി തടഞ്ഞുവെന്നും അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. തുടർന്ന് ടി ക്രമക്കേടുകൾക്കുത്തരവാദിയായ മാന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അശോക് കുമാറിനെതിരെ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു

കുറ്റപത്രത്തിന് ശ്രീ. അശോക് കുമാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റം വാസ്തവ വിരുദ്ധമാണെന്നും വരനും വധുവും തന്റെ ഓഫീസ് മുറിയിൽ നിശ്ചിത രേഖകൾ സഹിതം ഹാജരായി രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടത്തിൽ തന്റെ സാന്നിദ്ധ്യത്തിൽ വച്ച് ഒപ്പിട്ട് സമർപ്പിച്ചതിനാലാണ് വിവാഹം രജിസ്റ്റർ ചെയ്തു നൽകിയതെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. അശോക് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. അശോക് കുമാറിന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീ. അശോക് കുമാറിനെതിരായ ആരോപണങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം മാന്നാർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അശോക് കുമാർ സി. യ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
   (അന്വേഷണ റിപ്പോർട്ട്, കുറ്റപത്രം, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ശ്രീ. അശോക് കുമാർ സി, മുൻ സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/66/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ